## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 527** 10.6.2014- **ലെ മറുപടിക്ക്**

## വിൽപ്പന നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) ഈ സാമ്പത്തിക വർഷത്തിൽ വിൽപ്പന നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ; | (എ) ഈ സാമ്പത്തിക വർഷത്തിൽ വിൽപ്പന നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. ഒരു കെയ്സിന് 400 രൂപയോ അതിൽ കൂടുതലോ ബിവറേജസ് കോർപ്പറേഷൻ വാങ്ങൽ വില നല്കുന്ന വിദേശ മദ്യത്തിന്റെ നികുതി നിരക്ക് 10 ശതമാനം ഉയർത്തിയിട്ടുണ്ട്. 400 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.<br><br>2. ഒരു കോടി രൂപയ്ക്ക് മേൽ ടെക്സ്റ്റയിൽസ് ഇനങ്ങളുടെ വിറ്റുവരവുള്ള വ്യാപാരസ്ഥാപനങ്ങളുടെ റെഡിമെയ്ഡ് ഒഴികെയുള്ള ടെക്സ്റ്റയിലുകളുടെ വിറ്റുവരവിന്മേൽ 2 ശതമാനം ടേൺ ഓവർ ടാക്സ് ചുമത്തിയിട്ടുണ്ട്. 100 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.<br><br>3. വെളിച്ചെണ്ണ ഒഴികെയുള്ള എല്ലാ ഭക്ഷ്യ എണ്ണകളുടെയും നികുതി ഒരു ശതമാനത്തിൽ നിന്നും 5 ശതമാനമായി ഉയർത്തിയിട്ടുണ്ട്. 80 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.<br><br>4. എല്ലാത്തരം യു.പി.എസുകളുടെയും ഇൻവർട്ടറുകളുടേയും നികുതി നിരക്ക് 14.5 ശതമാനം ഉയർത്തിയിട്ടുണ്ട്. 6 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.<br><br>5. അലുമിനിയം കോമ്പോസിറ്റു പാനലിന്റെ നികുതി 14.5 ശതമാനം ആയി ഉയർത്തിയിട്ടുണ്ട്. 5 കോടി രൂപയുടെ |

അധിക വരുമാനം പ്രതീക്ഷിക്കുന്നു.

6. ട്രേഡ് മാർക്ക് ആക്ടിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ബ്രാൻഡ് നെയ്യ് ഉപയോഗിക്കുന്ന റെസ്റ്റോറന്റുകളെ 0.5 ശതമാനം എന്ന കുറഞ്ഞ കോമ്പൗണ്ടിംഗ് നിരക്കിന്റെ ആനുകൂല്യത്തിൽ നിന്നും മാറ്റുകയും 5 ശതമാനം ഷെഡ്യൂൾ നിരക്ക് ബാധകമാക്കുകയും ചെയ്തിട്ടുണ്ട്. 10 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

7. മെറ്റൽ ക്രഷറുകളുടെ കോമ്പൗണ്ടിംഗ് നിരക്ക് പരിഷ്കരിച്ചു. 100 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

8. മാനുഫാക്ച്ചേർഡ് സാന്റിന്റെ നികുതി നിരക്ക് 14.5 ശതമാനം ആയി ഉയർത്തുകയും ഇവർക്ക് കോമ്പൗണ്ടിംഗ് നികുതി ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 40 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

9. പേപ്പർ ലോട്ടറികളുടെ നറുക്കെടുപ്പിന്മേലുള്ള നികുതി സാധാരണ നറുക്കെടുപ്പുകൾക്ക് നിലവിലെ 30 ലക്ഷം രൂപയിൽ നിന്ന് 50 ലക്ഷം രൂപയായും ബമ്പർ നറുക്കെടുപ്പുകളുടേത് 60 ലക്ഷം രൂപയിൽ നിന്ന് ഒരു കോടി രൂപയായും ഉയർത്തി. ഇതിൽ നിന്നും 100 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

| | |
|---|---|
| (ബി) ഇതിലൂടെ എത്ര കോടി രൂപ ഈ സാമ്പത്തിക വർഷം നാളിതുവരെ പിരിച്ചെടുത്തു ; വ്യക്തമാക്കാമോ ; | (ബി) വിവരം ശേഖരിച്ചു വരുന്നു |
| (സി) ഇനി എത്ര കോടി രൂപയുടെ വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ ? | (സി) വിവരം ശേഖരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ